**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2278** **14-10-2024 - ൽ മറുപടിയ്ക്ക്**

**മുൻസിപ്പൽ കോർപ്പറേഷൻ മേഖലകളിൽ നടപ്പിലാക്കിയ കെ-സ്മാർട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. നന്ദകുമാർ** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | മുൻസിപ്പൽ കോർപ്പറേഷൻ മേഖലകളിൽ നടപ്പിലാക്കിയ കെ-സ്മാർട്ടിനെക്കുറിച്ച് പഠിക്കാൻ ഏതെല്ലാം സംസ്ഥാന സർക്കാരുകളാണ് കേരളത്തിലേക്ക് പ്രതിനിധികളെ അയച്ചതെന്ന് വ്യക്തമാക്കുമോ; | (എ) | **കർണ്ണാടക, ബീഹാർ, ആന്ധ്രാ പ്രദേശ്, നാഗാലാന്റ്, മഹാരാഷ്ട്ര, ഛത്തീസ്ഗഡ് എന്നീ സംസ്ഥാനങ്ങളിലെ പ്രതിനിധികളും ത്രിപുര സംസ്ഥാനത്തിലെ അഗർത്തല മുനിസിപ്പാലിറ്റിയുടെ പ്രതിനിധികളും K-SMARTനെ കുറിച്ച് പഠിക്കുന്നതിന് സന്ദർശനം നടത്തിയിട്ടുണ്ട്. കൂടാതെ വിദേശ രാജ്യമായ ഫിലിപ്പൈൻസിലെ ഒരു മുനിസിപ്പാലിറ്റിയുടെ പ്രതിനിധികളും K-SMART-നെ കുറിച്ച് പഠിക്കുന്നതിന് വേണ്ടി ഓൺലൈനായി ചർച്ച നടത്തി വിവരങ്ങൾ ആരാഞ്ഞിരുന്നു.** |
| (ബി) | പഞ്ചായത്തുകളിൽ എന്ന് മുതലാണ് കെ-സ്മാർട്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ; | (ബി) | പഞ്ചായത്തുകളിൽ കെ - സ്മാർട്ട് സംവിധാനം നടപ്പിലാക്കുന്നത് സംബന്ധിച്ച് നടപടികൾ പുരോഗതിയിലാണ് . |
| (സി) | വകുപ്പിന്റെ കീഴിൽ എത്ര 'ടേക്ക് എ ബ്രേക്ക്' കേന്ദ്രങ്ങളാണ് ആരംഭിച്ചിട്ടുള്ളത്; ഇതിൽ എത്രയെണ്ണം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട് ; വ്യക്തമാക്കുമോ? | (സി) | 1497 ‘ടേക്ക് എ ബ്രേക്ക് ‘ കേന്ദ്രങ്ങൾ ആരംഭിച്ചതിൽ 910 എണ്ണം കാര്യക്ഷമമായി പ്രവർത്തിക്കുന്നു. |

സെക്ഷൻ ഓഫീസർ